പ്രൈമറി സ്കൂളുകളിലെ സ്വീപ്പറന്മാർ.

*396. [23] ശ്രീ. എം. എം. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സർക്കാർ പ്രൈമറിസ്കൂളുകളിലെ സ്വീപ്പറന്മാർക്ക് ഇപ്പോൾ കൊടുക്കുന്ന ശമ്പളവും അലവൻസും എത്ര,

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും നിവേദനം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി നടത്തി ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സർക്കാർ പ്രൈമറിസ്കൂളിലെ സ്വീപ്പറന്മാർക്ക് ഇപ്പോൾ പത്തര രൂപ ശമ്പളവും അലവൻസുമായി കൊടുക്കുന്നുണ്ട്.

(ബി) ഇപ്പോഴത്തെ ശമ്പളവും അലവൻസും സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) പ്രൈമറി സ്കൂളുകളിലെ സ്വീപ്പറന്മാർ പാർട്ട് ടൈം ശമ്പളക്കാരാണ്. അതുകൊണ്ട് മുഴുവൻ സമയവും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെപ്പോലെ ശമ്പളം അനുവദിച്ചു കൊടുത്തിട്ടില്ല.

ശ്രീ. എം. എം. മത്തായി : പ്രൈമറി സ്കൂളുകളിൽ ശിപായിമാരെക്കൊണ്ട് സ്വീപ്പറന്മാരുടെ ജോലി ചെയ്യിക്കുന്നുണ്ടെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഈ ചോദ്യത്തിൽ വരുമോ എന്നു് അറിഞ്ഞതില്ല.

ശ്രീ. എം. എം. മത്തായി : ചില സ്കൂളുകളിൽ സ്വീപ്പറന്മാർ ഇല്ലെന്നു് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചില സ്കൂളുകളിൽ അങ്ങനെ ആയിരിക്കാം.

ശ്രീ. എം. വി. ചെറിയാൻ : മിഡിൽസ്കൂളുകളായി ഉയർത്തിയതുകൊണ്ട് സ്വീപ്പറന്മാർക്ക് പ്രതികൂലപരിതഃസ്ഥിതി ഉണ്ടായിട്ടുണ്ട് എന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്നു തോന്നുന്നില്ല.

അദ്ധ്യാപകന്മാരുടെ ശമ്പളം.

*397. [25] ശ്രീ. എൻ. രാഘവക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മിഷനിൽനിന്നും തിരുവിതാംകൂർ സർവ്വകലാശാലയുടെ കീഴിലുള്ള അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിലേക്ക് എന്തെങ്കിലും ഗ്രാൻറ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കോളങ്ങളിൽ, എത്ര തുകവീതം; അതുപയോഗിച്ച ശമ്പളത്തിൻറെ തുകയിൽ എന്തു വർദ്ധിപ്പിച്ചു ;

(ബി) ഇതേവരെ മേൽപ്രകാരം ഗ്രാൻറ് ഒന്നും ലഭിച്ചിട്ടില്ലെങ്കിൽ, ഇവിടെമാത്രം അതു ലഭിക്കാതിരിക്കുന്നതിനു് പ്രത്യേക കാരണം വല്ലതുമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly